എം.എൽ.എ മാരുടെ നിർദ്ദേശപ്രകാരമുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസ്

90 (2803) ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ. മാരുടെ നിർദ്ദേശപ്രകാരം ഓരോ നിയോജക മണ്ഡലത്തിലും ഒരു കെ.എസ്.ആർ.ടി.സി. സർവീസ് ആരംഭിക്കാനുള്ള നടപടി അനുസരിച്ച് സംസ്ഥാനത്ത് എത്ര മണ്ഡലങ്ങളിൽ സർവ്വീസ് ആരംഭിച്ചു ;

(ബി) കൊടുവള്ളി നിയോജകമണ്ഡലത്തിൽ ഏത് റൂട്ടിൽ സർവ്വീസ് അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത് ;

(സി) എന്നാണ് ഈ ആവശ്യം ഉന്നയിച്ചത് ;

(ഡി) അതുപ്രകാരം ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(എഫ്) എന്നത്തേയ്ക്ക് സർവ്വീസ് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) കക്കോടി-എരവണ്ണൂർ-നരിക്കുനി റൂട്ടിൽ സർവ്വീസ് അനുവദിക്കുവാൻ ആവശ്യപ്പെട്ടിരുന്നു.

(സി) 1999 മെയ് മാസത്തിൽ.

(ഡി) 1999 ജൂണിൽ സർവ്വീസ് ആരംഭിച്ചു.

(ഇ &എഫ്) ചോദ്യം ഉദിക്കുന്നില്ല.

ട്രാൻസ്പോർട്ട് ബസ്സുകൾ കഴുകിവൃത്തിയാക്കുന്നതിനുള്ള സംവിധാനങ്ങൾ

91 (2804) ശ്രീ. കെ. പി. വിശ്വനാഥൻ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് ബസ്സുകൾ കഴുകി വൃത്തിയാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് ;

(ബി) ഇതിനായി കൂടുതൽ പേരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇവരെ എപ്രകാരം നിയമിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇവരെ നിയമിക്കുന്നതു സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഓരോ യൂണിറ്റിലും ബസ്സുകൾ കഴുകി വൃത്തിയാക്കുന്നതിന് വാഷിംഗ് റാപ്പും കാർ വാഷർ തുടങ്ങിയവയും സജ്ജമാക്കിയിട്ടുണ്ട്. പത്തു ബസ്സുകൾക്ക് ഒരു ഗ്യാരേജ് മസ്ദൂർ എന്ന അനുപാതത്തിൽ ബസ്സുകൾ കഴുകി വൃത്തിയാക്കുന്നതിന് ജോലിക്കാരെ നൽകാൻ വ്യവസ്ഥയുണ്ട്. ഗ്യാരേജ് മസ്ദൂർ കുറവുള്ള യൂണിറ്റുകളിൽ ബസ്സുകൾ കഴുകി വൃത്തിയാക്കുന്നതിന് ബസ്സൊന്നിന് അഞ്ച് രൂപ കൂലി നൽകി കൂലിക്കാരെ നിയോഗിച്ച് ജോലി തീർക്കാനുള്ള അധികാരം യൂണിറ്റ് ഓഫീസർമാർക്കു നൽകിയിട്ടുണ്ട്. കൂടാതെ 25-5-1995 മുതൽ തിരുവനന്തപുരം സെൻട്രൽ ബസ് സ്റ്റേഷനിൽ ഓട്ടോവാഷ് സംവിധാനം സജ്ജമാക്കിയത് പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നു.

(ബി) കൂടുതൽ പേരെ സ്ഥിരമായി നിയമിക്കാൻ ഉദ്ദേശിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ദേശീയ പാതയിൽ പട്ടം-പ്ലാമൂട് പാലത്തിന്റെ പണികാരണം ബസ്സുകൾ തിരിച്ചു വിടുന്ന നടപടി

92 (2805) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ പാതയിൽ പട്ടം-പ്ലാമൂട് പാലത്തിന്റെ പണി കാരണം ബസ്സുകൾ തിരിച്ചു വിടുന്നത് ഏതൊക്കെ റൂട്ടുകളിലൂടെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇങ്ങനെ ബസ്സുകൾ തിരിച്ചു വിടുമ്പോൾ കൂടുതൽ ദൂരം ബസ്സ് ഓടുന്നത് കണക്കിലെടുത്ത് അധികം ചാർജ്ജ് യാത്രക്കാരിൽ നിന്നും ഈടാക്കുന്നുണ്ടോ ;

(സി) തിരുവനന്തപുരത്തേയ്ക്കു വരുന്ന ബസ്സുകൾ മെഡിക്കൽ കോളേജ് കണ്ണംമൂല എം.എൽ.എ ഹോസ്റ്റൽ വഴി പോകുമ്പോൾ ആ റൂട്ടിലെ സ്റ്റോപ്പുകളിൽ തിരിച്ചു വിടുന്ന ബസ്സുകൾക്കും സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) എം.എൽ.എ ഹോസ്റ്റലിനു മുന്നിലെ സ്റ്റോപ്പിൽ ഓർഡിനറി, ഫാസ്റ്റ് ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ടോ ;

(ഇ) എം.എൽ.എ. ഹോസ്റ്റൽ, യൂണിവേഴ്സിറ്റി ഓഫീസ്, എന്നിവ സ്ഥിതിചെയ്യുന്ന സ്റ്റോപ്പിൽ എല്ലാ ബസ്സുകൾക്കും സ്റ്റോപ്പ് അനുവദിക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) തിരുവനന്തപുരത്തു നിന്നും പട്ടം വഴി പോകുന്ന ബസ്സുകൾ പി.എം.ജി. ജംഗ്ഷനിൽ നിന്നും തിരിഞ്ഞ് ലോ കോളേജ് ജംഗ്ഷൻ, തേക്കുംമൂട്

LIBRARY ARCHIVES Kerala Legislative Assembly